"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ 'അങ്കണവാടികളിൽ എയർ കണ്ടീഷൻ സ്ഥാപിക്കൽ' എന്ന പദ്ധതിയ്ക്കായി 69,800/-രൂപ ചെലവ് ചെയ്ത നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1887/2025/LSGD തീയതി,തിരുവനന്തപുരം, 31-07-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.05.2025 ലെ LSGD/PD/12998/2025-AM3 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ 'അങ്കണവാടികളിൽ എയർ കണ്ടീഷൻ സ്ഥാപിക്കൽ' എന്ന പദ്ധതി സർക്കാർ അനുമതിയില്ലാതെ 69,800/-രൂപ ചെലവ് നടത്തിയത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർ ട്ട് ഖണ്ഡിക 1-12 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനും വിരുദ്ധമായി പദ്ധതിക്ക് ചെലവഴിച്ച 69,800/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണെന്നും സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

2. കരിമണലിന്റെ സാന്നിധ്യം മൂലം താപനില കൂടിയ പ്രദേശമായതിനാലും സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ കുഞ്ഞുങ്ങളുടെ ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കിയതിനാലും, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും കൊല്ലം ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും ശിപാർശ പരിഗണിച്ച്, ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ 'അങ്കണവാടികളിൽ എയർ കണ്ടീഷൻ സ്ഥാപിക്കൽ' എന്ന പദ്ധതിയ്ക്കായി 69,800/-രൂപ ചെലവഴിച്ച നടപടി സാധൂകരിച്ച് നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശപ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാവിയിൽ അനുമതിയില്ലാത്ത പദ്ധതികൾ നടപ്പിലാക്കരുതെന്ന കർശന നിർദ്ദേശത്തോടെ, കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ 'അങ്കണവാടികളിൽ എയർ കണ്ടീഷൻ സ്ഥാപിക്കൽ' എന്ന പദ്ധതിയ്ക്കായി 69,800/-രൂപ ചെലവ് ചെയ്ത നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 31-07-2025 15:14:43
സെക്ഷൻ ഓഫീസർ